കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# ഓച്ചിറ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2015 – 2016

കേരള സംസ്ഥാന ഓഡിറ്റ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
e-mail:doklm.ksad.kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നം.കെ.എസ്.എ. കെ.എൽ .എം.പി2- 1840 /16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
സീനിയർ ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം
കൊല്ലം ജില്ല
തീയതി, 05/01/2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് സെക്രട്ടറി മുഖേന

ഓച്ചിറ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : ഓച്ചിറ ഗ്രാമപഞ്ചായത്ത് - 2015 -16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഓച്ചിറ ഗ്രാമപഞ്ചായത്തിന്റെ 2015 -16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, 3ലെ എന്നിവയിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക

യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്(കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ് (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമംസെക്ഷൻ 15(1) ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം

പകർപ്പ് :

1) കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3) കാര്യാലയ പകർപ്പ്

നം.കെ.എസ്.എ. .എൽ.എം.പി2-1840/16 തീയതി,05/01/2017

## കൊല്ലം ജില്ലയിലെ ഓച്ചിറ ഗ്രാമപഞ്ചായത്തിന്റെ 2015 -16സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്).

കൊല്ലം ജില്ലയിലെ ഓച്ചിറ ഗ്രാമപഞ്ചായത്തിന്റെ 16.11.2015 മുതൽ 22.10.16 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ട്. 10 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥ | ശ്രീമതി.ഗീത .എം, ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 24.10.16 മുതൽ 2.11.16 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ. രഞ്ജിത്ത് കുമാർ | ഓഡിറ്റ് ഓഫീസർ |

| | | |
|---|---|---|
| | ശ്രീമതി. ശ്രീകുമാരി.റ്റി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ.ജോസ് തോമസ് | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി. സുനിതാ സെബാസ്റ്റ്യൻ | ഓഡിറ്റർ |

(ബി) <u>നിർവ്വഹണാധികാരികൾ</u>

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.കെ.എസ്. ഉഷാകുമാരി | 1.4.2015 മുതൽ 11.11.2015 വരെ |
| | ശ്രീ.അബ്ദുൾ മജീദ് | 12.11.2015 മുതൽ 31.03.2016 വരെ |
| സെക്രട്ടറി | ശ്രീമതി.മനുഭായി | 1. 04.2015 മുതൽ 31.03.2016 വരെ |

<u>നിർവ്വഹണ ഉദ്യോഗസ്ഥർ</u>

| ഉദ്യോഗപ്പേര് | പേര് | നിർവ്വഹണ കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ശ്രീമതി. പി.എ. സാജിത | 01.04.2015 മുതൽ 31.03.2016 വരെ |
| സീനിയർ വെറ്റിനറി സർജൻ | ഡോ.മോഹൻകുമാർ.കെ.എൻ | 01.04.2015 മുതൽ 31.05.2015 വരെ |
| | ഡോ. താജുദ്ദീൻ കുഞ്ഞ് (അഡീഷണൽ ചാർജ്ജ്) | 01.06.2015 മുതൽ 26.07.2015 വരെ |

| | | |
|---|---|---|
| | ഡോ. ജിൻസി. ജോർജ്ജ് (അഡീഷണൽ ചാർജ്ജ്) | 27.07.2015 മുതൽ 20.08.2015 വരെ |
| | ഡോ.എസ്.രമ | 21.08.2015 മുതൽ 31.03.2016 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി. റീന തോംസൺ | 01.04.2015 മുതൽ 31.12.2015 വരെ |
| | ശ്രീമതി. രേണുകാദേവി | 01.01.2016 മുതൽ 31.03.2016 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ.ഗിരീഷ് കുമാർ | 01.04.2015 മുതൽ 31.03.2016 വരെ |
| | ശ്രീമതി.പ്രസീദ കെ.എസ് | 01.04.2015 മുതൽ 04.03.2016 വരെ ശ്രീ.ഗിരീഷ് കുമാർ (ചാർജ്ജ് ) |
| ഹെഡ്മിസ്ട്രസ് | ശ്രീമതി.സുമംഗലാ ദേവി | 01.04.2015 മുതൽ 31.03.2016 വരെ |
| അസിസ്റ്റന്റ് എൻജിനീയർ | ശ്രീമതി.രേഷ്മാ രവി | 01.04.2015 മുതൽ 25.06.2015 വരെ |
| | ശ്രീമതി. ഷീജാ.എ.കെ | 26.06.2015 മുതൽ 31.03.2016 വരെ |
| മെഡിക്കൽ ഓഫീസർ - | ഡോ.നീതു ജലീൽ | 01.04.2015 മുതൽ |

| | | |
|---|---|---|
| സി.എച്ച്.സി | ഡോ. അമ്പിളി.എം. പ്രകാശ് | 03.07.2015 വരെ<br>05.08.2015<br>മുതൽ<br>31.03.2016 വരെ<br>03.07.2015 മുതൽ<br>05.08.2015 വരെ |
| മെഡിക്കൽഓഫീസർ - ആയുർവേദം | ഡോ. സൗമ്യാ.ജി.എ | 01.04.2015 മുതൽ<br>31.03.2016 വരെ |
| മെഡിക്കൽ ഓഫീസർ - ഹോമിയോ | ഡോ. സീന സുരൻ | 01.04.2015 മുതൽ<br>31.03.2016 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ. ആർ. ശ്രീരാജ് | 01.04.2015 മുതൽ<br>25.07.2015 വരെ |
| | ശ്രീ. റ്റി.ഡി.ഹരികുമാർ | 19.08.2015 മുതൽ<br>31.10.2015 വരെ |
| | ശ്രീമതി. എ.കെ. സിനി | 26.07.2015 മുതൽ<br>18.08.2015 വരെ<br>(ചാർജ്)<br>01.11.2015മുതൽ<br>31.03.2016വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |

| | | |
|---|---|---|
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം. | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| | ഭാഗം 2 | |
| 12 | മൊബൈൽ ടവറിൻെറ വസ്തുനികുതി ഈടാക്കിയിട്ടില്ല – നഷ്ടം – 52852/- രൂപ | 2-1 |
| 13 | തൊഴിൽ നികുതി | 2-2 |
| 14 | ഡി ആൻറ് ഒ ലൈസൻസ് | 2-3 |
| | ഭാഗം 3 | |
| 15 | യാത്രാ ബത്ത ത്രൈമാസ പരിധി കടന്നു | 3-1 |

| | | |
|---|---|---|
| 16 | അനുബന്ധ രേഖകൾ ഹാജരാക്കിയില്ല -929585/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 3-2 |
| 17 | മരുന്നുകൾ ലഭ്യമായില്ല-ചെലവ് തുക150000/-രൂപ തടസപ്പെടുത്തുന്നു | 3-3 |
| 18 | ഗ്രാമ കേന്ദ്രങ്ങൾക്ക് വാങ്ങിയ ഫർണീച്ചർ വിതരണം ചെയ്തില്ല | 3-4 |
| 19 | പദ്ധതി സമയബന്ധിതമായി നടപ്പിലാക്കിയില്ല | 3-5 |
| 20 | പദ്ധതി പണം സബ്സിഡി തുകയിൽ അധികരിച്ച് പിൻവലിച്ചു | 3-6 |
| 21 | ആശ്രയ പദ്ധതി | 3-7 |
| | ഭാഗം 4 | |
| 22 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4 -1 |
| 23 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 24 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 25 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 26 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |

| | | |
|---|---|---|
| 27 | ഓഡിറ്റ് റിക്കവറി | 4-6 |
| 28 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 29 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 30 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| 31 | അനുബന്ധം - 1,ഓഡിറ്റ് സാക്ഷ്യപത്രം | 4-10 |


## ഭാഗം 1

## പൊതു അവലോകനം

### 1-1 ബജറ്റ്

2015 -16 വർഷത്തെ ബജറ്റ്/പുതുക്കിയ ബജറ്റ് 25.03.2015 തീയതിയിലെ I -ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യ പത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

### 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.16 | 28.7.16 | ഇല്ല | - |

### 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2015-16 | 1.11.2016 | ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്. |

(ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.)

ധനകാര്യ പത്രികയിലെ ന്യൂനതകൾ

1.എല്ലാ ആസ്തികളുടേയും മൂല്യം ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

2. സ്റ്റോക്കിന്റെ മൂല്യം ഉൾപ്പെടുത്തി സ്റ്റോക്ക് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.

3.ബഡ്ജറ്റ് ഫംഗ്ഷൻ - ഫംഗ്ഷനറി അടിസ്ഥാനത്തിൽ തയ്യാറാക്കിയിട്ടില്ല.

4. ഡെപ്പോസിറ്റ് രജിസ്റ്ററിൽ വിവിധ ഡെപ്പോസിറ്റുകളുടെ ഇനം തിരിച്ച് വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ ഡെപ്പോസിറ്റുകളുടെ കൃത്യത വ്യകതമല്ല.

5.പഞ്ചായത്ത് ഫണ്ട് നെഗറ്റീവ് സംഖ്യയായി കാണിച്ചിരിക്കുന്നു.

6. പിരിഞ്ഞു കിട്ടാനുള്ള /ലഭിക്കാനുള്ള തുകകൾക്ക് പ്രൊവിഷൻ

രേഖപ്പെടുത്തിയിട്ടില്ല.

ഡിസ്സസ് റിലീഫ് ഫണ്ട് ബാങ്ക് ബുക്ക് പ്രകാരം നീക്കിയിരിപ്പ് 34318/- രൂപയാണ്. B2 – ഷെഡ്യൂളിൽ 34818/- രൂപയാണ് ഡിസ്സസ് റിലീഫ് ഫണ്ട് നീക്കിയിരിപ്പ് .

7.സംയുക്ത പ്രോജക്ടുകൾക്കായി ലഭിച്ച തുകകളിൽ മുൻ വർഷത്തിൽ നീക്കിയിരിപ്പുണ്ടായിരുന്ന തുകകൾ ബാലൻസ് ഷീറ്റിലെ B4 ഷെഡ്യൂളിൽ നീക്കിയിരിപ്പായി ഇപ്പോഴും നിലനിൽക്കുന്നു(320700104 – 537/-രൂപ; 320700204 – 230089/-രൂപ; 320700205 – 268779/-രൂപ; 320700404 – 150000/-രൂപ). തുകകൾ ബന്ധപ്പെട്ട അക്കൗണ്ടിലേക്ക് തിരികെ ഒടുക്കിയിട്ടില്ല

8. permanant imprest 200/- രൂപയ്ക്ക് പകരം 500/- രൂപയാണ്.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 25000012 |
| വരവ് | 42539111 |
| ആകെ | 67539123 |
| ചെലവ് | 60002554 |
| നീക്കിയിരിപ്പ് | 7536569 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 5014453 | 8616729 | 13631182 | 13631182 | 0 | 100 |
| വികസനഫണ്ട് എസ്.സി.പി. | 771752 | 3221939 | 3993691 | 3993691 | 0 | 100 |
| വികസനഫണ്ട് ടി.എസ്.പി. | 173000 | 0 | 173000 | 173000 | 0 | 100 |
| സംരക്ഷണ | 1987150 | 5959101 | 7946251 | 7946251 | 0 | 100 |

| | | | | | | |
|---|---|---|---|---|---|---|
| ഗ്രാന്റ് റോഡ് | | | | | | |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 426904 | 1067831 | 1494735 | 1494735 | 0 | 100 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 3120276 | 8111887 | 11232163 | 11232163 | 0 | 100 |
| പെർഫോമൻസ് ഗ്രാന്റ് | 3079000 | 2993130 | 6072130 | 6072130 | 0 | 100 |
| എം.എൻ.ആർ.ഇ.ജി.എസ്. | 328061 | 17597473 | 17925534 | 17910755 | 14779 | 99 |
| ബി ഫണ്ട് | - | 18297540 | 18297540 | 18297540 | 00 | 100 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| ലഭിച്ചത് അംഗീകാരം (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 145 | 60340893 | 121 | 45497952 | 5 | 19 | 83.45 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല.

## 1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തിക വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 11.79 ശതമാനം കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 8234682 | 5607428 | (-)2627254 | |
| നികുതിയേതര വരവുകൾ | 1522130 | 1484909 | (-)37221 | |

| | | | | |
|---|---|---|---|---|
| മറ്റുവരവുകൾ | 7428322 | 8067217 | 638895 | |
| ആകെ | 17185134 | 15159554 | (-)2025580 | (-)11.79 |

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 404640 | 446 |
| കർഷക തൊഴിലാളി പെൻഷൻ | 2253600 | 505 |
| വിധവാ പെൻഷൻ | 5926400 | 945 |
| വാർദ്ധക്യകാല പെൻഷൻ | 7320000 | 1561 |
| വികലാംഗ പെൻഷൻ | 1928300 | 327 |
| അമ്പതു വയസ്സു കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 241600 | 44 |
| വിവാഹ ധനസഹായം | 210000 | 6 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 11800/- രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം.

ആസ്തി രജിസ്റ്റർ കൃത്യമായി പരിപാലിച്ചിട്ടില്ല. ഓരോ വർഷവും പുതുതായി ചേർക്കപ്പെടുന്ന ആസ്തികൾ കൂട്ടിച്ചേർത്ത് ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 17.10.2016 - 18.10.2016 | 9/16 | ഇല്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 02.05.2008 – 16.05.2008 | 1997-98 മുതൽ 2007-2008വരെ | 04.07.2008 |

## ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 മൊബൈൽ ടവറിൻെറ വസ്തു നികുതി ഈടാക്കിയിട്ടില്ല - നഷ്ടം 52852/-രൂപ

ജി.ഒ.(ആർ.ടി.)നം. 19/2011/14-1-2011 പ്രകാരം മൊബൈൽ ടവറുകൾക്ക് പരമാവധി വസ്തു നികുതി ച.മീറ്ററിന് 500/-രൂപയാണ്. ഗ്രാമപഞ്ചായത്ത് പരിധിയിൽ 2015-16 കാലയളവിൽ നിലവിൽ 8 മൊബൈൽ ടെലഫോൺ ടവറുകളുള്ളതിൽ 7 മൊബൈൽ ടവറുകളുടെ വസ്തു നികുതി അസസ്സ് ചെയ്തത് ഈടാക്കിയിട്ടില്ല. വിശദവിവരങ്ങൾ ചുവടെ

| മൊബൈൽ ടവർ | കെട്ടിട നം. | വിസ്തീർണ്ണം (ച.മീറ്ററിൽ) | ചുമത്തിയ നികുതി | ഈടാക്കിയത് |
|---|---|---|---|---|
| റിലയൻസ് ഇൻഡ്യ ലിമിറ്റഡ് | OP 2/850 | 6 | 3000 | - |
| എയർ സെൽ ഡിഷ്നെറ്റ് വയർലെസ്സ് ലിമിറ്റഡ് | OP 3/5 | 8.75 | 5250 | - |
| ഭാരതി എയർടെൽ | OP 11/10 | 15.4 | 6930 | - |
| ബി.പി.എൽ.സെല്ലുലാർ | OP11/198 | 47.04 | 18816 | - |
| ബി.എസ്സ്.എൻ.എൽ. | OP11/359 | 7.68 | 3456 | _ |
| എയർ സെൽ ഡിഷ്നെറ്റ് | OP13/586 | 9 | 5400 | _ |

| | | | | |
|---|---|---|---|---|
| വയർലെസ്സ് ലിമിറ്റഡ് | | | | |
| ഇൻഡസ്സ് ടവേഴ്സ് ലിമിറ്റഡ് | OP13/648 | 15 | 7500 | 7500 |
| ടാറ്റാ ടെലി സർവ്വീസ് | OP17/452 | 20 | 10000 | - |

പ്രസ്തുത വിഷയത്തിന്മേൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 4/1-11-16) 2014-15, 2015-16 വർഷങ്ങളിൽ വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് പുതിയ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ ഡിമാൻറ് പുനർനിർണ്ണയിക്കേണ്ടി വന്നതിനാൽ 100% നികുതി പിരിവ് കൈവരിക്കാൻ സാധിച്ചിട്ടില്ലായെന്ന് മറുപടി ലഭിച്ചിട്ടുണ്ട്. പഞ്ചായത്തിന്റെ വരവിനത്തിൽ നഷ്ടമായ 52852/- രൂപ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 2-2 <u>തൊഴിൽ നികുതി ഈടാക്കിയതിലെ അപാകതകൾ</u>

2015-16 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ, ചുവടെയുള്ള അപാകതകൾ കാണുന്നു.

<u>1. തൊഴിൽ നികുതി ഈടാക്കിയതിൽ 250/- രൂപ കുറവ്</u>

| സ്ഥാപനത്തിൻെറ പേര് | ജീവനക്കാരൻെറ പേര് (തസ്തിക) | ഒന്നാം അർദ്ധവാർഷിക വേതനം | തൊഴിൽ നികുതി അടച്ചത് | തൊഴിൽ നികുതി അടയ്ക്കേണ്ടത് | കുറവ് |
|---|---|---|---|---|---|
| ബി.എസ്സ്.എൻ.എൽ, ഓച്ചിറ | ജോസ് ഭട്ട് കെ.പി. (ടെലിഫോൺ മെക്കാനിക്ക്) | 159756 | 1000 | 1250 | 250 |

2.ഒന്നാം അർദ്ധവർഷ തൊഴിൽ നികുതി ഒടുക്കിയതായി രേഖകളില്ല.

| സ്ഥാപനത്തിൻെറ പേര് | ജീവനക്കാരൻെറ പേര് |
|---|---|
| ആർ.സി.പി.എം.ഹോസ്പിറ്റൽ | 1.ഡോ.രഘു<br>2.റസീന ,ഫാർമസിസ്റ്റ്<br>3.ഡോ.നാരായണകുറുപ്പ് |

3. <u>ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.</u>

a.അംബ കാഷ്യൂ ഫാക്ടറി, വാർഡ്-10

b.ഗോകുൽ ഡയഗനോസ്റ്റിക് സെൻറർ, വാർഡ്-6

മേൽ സ്ഥാപനത്തിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

4.പഞ്ചായത്ത് പരിധിയിൽ ലൈസൻസുള്ള ആധാരം എഴുത്തുകാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.
5.കേരള സ്റ്റേറ്റ് ബീവറേജസ് കോർപറേഷൻ, ഓച്ചിറ സ്ഥാപന തൊഴിൽ നികുതി ഒടുക്കിയതായി രേഖകളില്ല.

മേൽ വിഷയം സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (നം.5,1-11-16)1 മുതൽ 4 വരെയുള്ള സ്ഥാപനങ്ങളിൽ നിന്നും തുക ഈടാക്കി അറിയിക്കാം എന്നും 5-ാമത്തെ സ്ഥാപനവുമായി ബന്ധപ്പെട്ട് W.P(C) 13307/2015 നം. കേസ് നിലവിലുള്ളതിനാൽ ഈടാക്കാൻ സാധിക്കുന്നില്ലയെന്നും മറുപടി ലഭിച്ചിട്ടുണ്ട്. പഞ്ചായത്തിൻെറ വരവിനത്തിൽ നഷ്ടമായ തുക നിജപ്പെടുത്തി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 2-3 മോട്ടോർ ഫീസ് ഈടാക്കിയതിൽ കുറവ്

2015-16 സാമ്പത്തിക വർഷത്തിലെ ഡി ആൻറ് ഒ ലൈസൻസ് അപേക്ഷകളും രജിസ്റ്ററും പരിശോധിച്ചതിൽ, വൈദ്യുതി കൊണ്ട് പ്രവർത്തിപ്പിക്കുന്ന യന്ത്ര സാമഗ്രികൾ ഉപയോഗിക്കുന്നതിന് പട്ടിക 3 പ്രകാരമുള്ള നിശ്ചിത ഫീസ് ഈടാക്കാം(ചട്ടം 18). അപ്രകാരം ഈടാക്കാത്തതിലൂടെ 100/- രൂപയുടെ നഷ്ടവും ഈടാക്കിയതിലെ കുറവു മൂലം 1400/- രൂപയുടെ കുറവും സംഭവിച്ചിട്ടുണ്ട്. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

1.യന്ത്രശക്തിക്ക് അനുസൃതമായി മോട്ടോർ ഫീസ് ഈടാക്കാത്തത്

| സ്ഥാപനത്തിൻെറ പേര്/ ലൈസൻസ് നം | വാർഡ് നം. | ഉടമയുടെ മേൽവിലാസം | യന്ത്രശക്തി (hp) | ഈടാക്കേണ്ട ഫീസ് |
|---|---|---|---|---|
| പ്രമുഖ ട്രേഡേഴ്സ്, ഞക്കനാൽ OP6 5/15(62) | 3 | പ്രമുഖ ,തിരുവോണം, ഞക്കനാൽ | 1 | 50 |
| വാഷിക് ലോൺട്രി, ചങ്ങൻകുളങ്ങര OP6 5/15(306) | 13 | അബ്ദുൾ ഹക്കിം,റജീന മൻസിൽ, കടത്തൂർ, കെ.എസ്.പുരം | 1 | 50 |

| | | | | |
|---|---|---|---|---|
| | | | ആകെ | 100 |

2. യന്ത്രശക്തിക്ക് അനുസൃതമായി മോട്ടോർ ഫീസ് ഈടാക്കിയതിൽ കുറവ് സംഭവിച്ചത്

| സ്ഥാപനത്തിന്റെ പേര്/ ലൈസൻസ് നം | വാർഡ് നം. | ഉടമയുടെ മേൽവിലാസം | യന്ത്ര ശക്തി (hp) | ഈടാ ക്കേണ്ടത് | ഈടാ-ക്കിയത് | കുറവ് |
|---|---|---|---|---|---|---|
| നടയിൽ പടീറ്റതിൽ സർവ്വീസ് സ്റ്റേഷൻ, മേമന,OP6 5/15(140) | 4 | ബിന്ദു എം.എം, മരങ്ങാട്ട വീട്,മേമന | 6 | 100 | 50 | 50 |
| ചേന്നല്ലൂർ സർവ്വീസ് സ്റ്റേഷൻ, OP6 5/15(72) | 12 | മുഹമ്മദ് കുഞ്ഞ്, പുത്തൻപുരയിൽ, മേമന | 13 | 200 | 100 | 100 |
| സൗത്ത് ഇൻഡ്യൻ പ്ലാസ്ററിക്സ്, ചങ്ങൻകുളങ്ങര, OP6 5/15(23) | 13 | വിനോദ് കുമാർ, കൊച്ചുപറയാട്ട്, വവ്വാക്കാവ് | 270 | 2700 | 2000 | 700 |
| മെഹർഖാൻ സാമിൽസ്, പായിക്കുഴി, OP6 5/15(129) | 2 | അലിയാര്കുഞ്ഞ്, ചേന്നല്ലൂർ, പായിക്കുഴി,ഓച്ചിറ | 30 | 300 | 250 | 50 |
| സൗപർണ്ണിക ടിംബേഴ്സ് & സാമിൽസ്, OP6 5/15(132) | 2 | രാധാ ഭാർഗ്ഗവൻ, അമ്പിയിൽ കിഴക്കതിൽ, പ്രയാർ | 39.5 | 400 | 300 | 100 |
| ഗായത്രി എൻറർപ്രൈസസ്, കൊറ്റമ്പള്ളി, OP6 5/15(61) | 4 | ഓമനക്കുട്ടൻ, പുല്ലമ്പള്ളിതറയിൽ, കൊറ്റമ്പള്ളി | 15 | 200 | 100 | 100 |
| ഐ വാഷ്, ചങ്ങൻകുളങ്ങര, OP6 5/15(200) | 14 | മനു ആർ,പുത്തൻ പറമ്പിൽ മന്ദിരം, | 35 | 400 | 100 | 300 |

| | | | | | | |
|---|---|---|---|---|---|---|
| | | കുറിച്ചി, ചങ്ങനാശ്ശേരി | | | | |
| | | | | | ആകെ | 1400 |

പഞ്ചായത്തിൻെറ വരവിനത്തിൽ നഷ്ടമായ 1500/- രൂപയുടെ(100+1400) വിവരം ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.6/1-11-2016) തുക ഈടാക്കി അറിയിക്കാം എന്ന് മറുപടി നൽകിയിട്ടുണ്ട്. കൂടാതെ അപേക്ഷകളിൽ ദിവസേനയുള്ള വിറ്റ് വരവ് രേഖപ്പെടുത്തിയിട്ടുണ്ടായെന്ന് ശ്രദ്ധിക്കേണ്ടതും, 30 മൈക്രോണിൽ താഴെയുള്ള പ്ലാസ്റ്റിക് ക്യാരി ബാഗുകൾ ഉപയോഗിക്കുന്നില്ലായെന്ന് വ്യാപാരികളിൽ നിന്ന് സാക്ഷ്യപ്പെടുത്തി വാങ്ങേണ്ടതുമാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 യാത്രാ ബത്ത ത്രൈമാസ പരിധി കടന്നു

ജീവനക്കാരുടെ യാത്രാ ബത്ത ജി.ഒ.(പി)85/2011 26.2.2011 പ്രകാരം അനുവദനീയമായ ത്രൈമാസ പരിധി കടന്ന് നൽകിയതായി കാണുന്നു. ഇത്തരത്തിൽ നൽകിയ യാത്രാബത്തയുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

| പേര്/തസ്തിക, അടിസ്ഥാന ശംമ്പളം | മാസം | തുക | ആകെ | ത്രൈമാസ പരിധി | അധികം |
|---|---|---|---|---|---|
| ശ്രീ.തോമസ്.റ്റി.എബ്രാഹാം, ഓഫീസ് അറ്റൻഡന്റ് @11020 /- | 5/14<br>6/14<br>7/14 | 1350<br>975<br>950 | 3305 | 2940 | 365 |

അധികം നല്കിയ തുക തിരികെ ഈടാക്കേണ്ടതാണ്.

### 3-2 അനുബന്ധ രേഖകൾ ഹാജരാക്കിയില്ല -929585/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ താഴെപ്പറയുന്ന പദ്ധതികളുമായി ബന്ധപ്പെട്ട ചെലവുകളുടെ അനുബന്ധ രേഖകൾ ഹാജരാക്കാത്തതിനാൽ 929585/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ | പദ്ധതിയുടെ | ഫണ്ട് | ബിൽ നമ്പർ / | തുക | ലഭ്യമാക്കേണ്ട രേഖ |
|---|---|---|---|---|---|

| നമ്പർ | പേര് | | ചെക്ക് നമ്പർ/ തീയതി | | |
|---|---|---|---|---|---|
| 1. | അംഗൻവാടി നം.64 പൈപ്പ് ലൈൻ എക്സ്റ്റൻഷൻ S00139/16 | മെയിന്റനൻസ് ഫണ്ട് റോഡിതരം | 3/15-16 /21.7.15 | 22000 | DDNo.872696/24.7.15 പ്രകാരം എക്സിക്യൂട്ടീവ് എൻജിനീയർ, വാട്ടർ അതോറിറ്റി, പി.എച്ച്. ഡിവിഷൻ കൊല്ലം പേർക്ക് നല്കിയ തുകയുടെ വിനിയോഗവിവരം |
| 2. | പൈപ്പ് ലൈൻ വലിക്കൽ - വാർഡ് 4 S0141/16 | മെയിന്റനൻസ് ഫണ്ട് റോഡിതരം | 4/15 -16/21.7.15 | 42000 | DD No. 872697/24.7.15 പ്രകാരം എക്സിക്യൂട്ടീവ് എൻജിനീയർ, വാട്ടർ അതോറിറ്റി, പി.എച്ച്. ഡിവിഷൻ കൊല്ലം പേർക്ക് നല്കിയ തുകയുടെ വിനിയോഗവിവരം |
| 3. | ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ S0010 /16 | തനത് ഫണ്ട് | ചെക്ക്നം. 13162/26.615 | 21891 | കെ.എസ്.ഇ.ബി ഇലക്ട്രിക്കൽ സെക്ഷൻ ഓച്ചിറയിൽ ഡെപ്പോസിറ്റ് ചെയ്തത് വിനിയോഗിച്ചതിന്റെ വിവരം |
| 4 | കമ്പ്യൂട്ടറുകളുടെ എ.എം.സി. S0013/16 | തനത് ഫണ്ട് | 13514/25.8.15 | 42435 | കെൽട്രോണിന് നല്കിയ തുകയുടെ കൈപ്പറ്റ് രസീത് |
| 5. | സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ S0094 /16 | തനത് ഫണ്ട് | 1316713168/27.6.15 | 801259 | വാർഡ് 13.14 എന്നിവിടങ്ങളിൽ സ്ട്രീറ്റ് മെയിൻ സ്ഥാപിച്ചതിന്റെ വിവരം |

| | | | | | |
|---|---|---|---|---|---|
| | | | | | |
| | ആകെ | | | 929585 | |

ചെലവ് രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-3 മരുന്നുകൾ ലഭ്യമായില്ല.ചെലവ് തുക തടസപ്പെടുത്തുന്നു-150000/- രൂപ

പ്രോജക്റ്റ് നം. 128/16 പ്രകാരം 150000/- രൂപ മെയിന്റനൻസ് ഫണ്ട് വകയിരുത്തുകയും ഹോമിയോ ആശുപത്രിക്ക് വേണ്ടി മരുന്നുകൾ വാങ്ങുന്നതിനായി ബിൽ നം 1/16തീ.18.01.16 പ്രകാരം കേരളാ സ്റ്റേറ്റ് ഹോമിയോപതി കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് നൽകുകയും ചെയ്തു. എന്നാൾ നാളിതുവരെ ഇൻഡന്റ് പ്രകാരമുള്ള മരുന്നുകൾ ലഭ്യമായിട്ടില്ല. മരുന്നുകൾ ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ആയതുവരെ ടിയിനത്തിലെ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

## 3-4 ഗ്രാമ കേന്ദ്രങ്ങൾക്ക് വാങ്ങിയ ഫർണീച്ചർ വിതരണം ചെയ്തില്ല

നിർവ്വഹണം - സെക്രട്ടറി

പദ്ധതി - സേവാഗ്രാം -ഗ്രാമ കേന്ദ്രങ്ങൾക്ക് ഫർണീച്ചർ (S00166/16)

അടങ്കൽ - 174250/ -രൂപ (തനത് ഫണ്ട് )

ചെക്ക് നമ്പർ - 014704/21.3.2016

തുക - 164175/-രൂപ

8.11.2010 ലെ സർക്കാർ ഉത്തരവ് (അ) 259/2010/ത.സ്വ.ഭ.വ ഉത്തരവിൽ ഗ്രാമ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് നിർദ്ദേശിച്ചിരുന്നു. 2015 – 16 സാമ്പത്തിക വർഷത്തിൽ വാർഡ് തലത്തിൽ അംഗനവാടികൾക്ക് അനുബന്ധമായി ഓഫീസ് ആരംഭിക്കുന്നതിനായി 17 മേശയും 85 പ്ലാസ്റ്റിക് കസേരയും സിഡ്കോയിൽ നിന്നും വാങ്ങി (പഞ്ചായത്ത് കമ്മിറ്റി തീരുമാനം നം. II (13)/21.1.2016). ഒരു വാർഡിൽ 4 കസേരയും ഒരു മേശയും നല്കാനാണ് ഉദ്ദേശിച്ചിരുന്നത്. താഴെപ്പറയും പ്രകാരം ഇനങ്ങൾ വാങ്ങിയിട്ടുണ്ട്.

| | എണ്ണം | നിരക്ക് (രൂപ) | വില (രൂപ) | ഇൻവോയ്സ് നം. |
|---|---|---|---|---|
| മേശ | 17 | 5466+14.5% VAT +3000 രൂപ വിതരണ ചാർജ്ജ് | 109396 | SSEKLM 0632 /11.3.16 |

| | | | | |
|---|---|---|---|---|
| കസേര | 85 | 550 +14.5% VAT +1250 രൂപ വിതരണ ചാർജ്ജ് | 54779 | SSEKLM 0633 /11.3.16 |
| ആകെ | | | 164175 | |

28.5.2015ലെ ജി.ഒ (ആർ.ടി)നം. 26/2015എസ്.പി.ഡി പ്രകാരം സിഡ്കോയിൽ നിന്നും മര/സ്റ്റീൽ ഫർണീച്ചർ ടെണ്ടർ നടപടികളില്ലാതെ വാങ്ങാൻ അനുമതിയുണ്ടെങ്കിലും പ്ലാസ്റ്റിക് കസേരകൾ ക്വട്ടേഷൻ/ടെണ്ടർ നടപടികളില്ലാതെ വാങ്ങാൻ അനുവാദമില്ല. 17മേശയും 85 പ്ലാസ്റ്റിക് കസേരയും വാങ്ങിയതിൽ 6, 7, 16 എന്നീ വാർഡുകളിൽ മാത്രമാണ് ഫർണീച്ചർ നല്കിയത്. ബാക്കി 14 മേശയും 73 കസേരകളും ഗ്രാമ കേന്ദ്രങ്ങൾക്ക് വിതരണം ചെയ്യാതെ പഞ്ചായത്തിൽ സൂക്ഷിച്ചിരിക്കുകയാണ്. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (1/16/) മറുപടിയായി മൂന്നു വാർഡുകളിലൊഴികെ മറ്റ് വാർഡുകളിൽ ഗ്രാമ കേന്ദ്രങ്ങൾ സജ്ജീകരിച്ചു വരികയാണെന്നും ഗ്രാമ കേന്ദ്രങ്ങളുടെ പ്രവർത്തനം പൂർണ്ണ തോതിലാകുന്ന സമയത്ത് പഞ്ചായത്തിൽ സൂക്ഷിച്ചിട്ടുള്ള ഫർണീച്ചർ ഗ്രാമ കേന്ദ്രങ്ങൾക്ക് നല്കുമെന്നുമാണ് അറിയിച്ചിട്ടുള്ളത്. ഗ്രാമ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് മുൻപായി ഫണ്ട് ചെലവഴിക്കാൻ മാത്രമായി പദ്ധതികൾ നടപ്പിലാക്കുന്ന പ്രവണത ഒഴിവാക്കേണ്ടതാണ്. ഗ്രാമ കേന്ദ്രങ്ങൾ അടിയന്തിരമായി സജ്ജീകരിച്ച് വിതരണം ചെയ്യാതെ പഞ്ചായത്തിൽ സൂക്ഷിച്ചിരിക്കുന്ന ഫർണീച്ചർ വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 3-5 പദ്ധതി സമയ ബന്ധിതമായി നടപ്പിലാക്കിയില്ല.

പദ്ധതി സമയബന്ധിതമായി നടപ്പാക്കാത്തതിനാൽ ഗുണഭോക്താക്കൾക്ക് പദ്ധതിയിലൂടെ ഉദ്ദേശിച്ച പ്രയോജനം ലഭിക്കുന്നില്ല.

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥയായി നടപ്പിലാക്കിയ എസ്.സി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് പദ്ധതിയിൽ (-S0096/16 ) വികസന ഫണ്ടിൽ (എസ്.സി.പി) നിന്നും 125000/- രൂപ പിൻവലിച്ച് അഞ്ച് ലാപ് ടോപ്പുകൾ കെൽട്രോണിൽ നിന്നും വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. (ബിൽ നമ്പർ - 21/15-16 /23.3.16; ഡിഡിനം. 454523/28.3.2016). ഈ പദ്ധതിയിലെ ഗുണഭോക്താവായ രശ്മി. എ.ആർ ഹാജരാക്കിയ കോഴ്സ് സർട്ടിഫിക്കറ്റ് പ്രകാരം ടിയാൾ 2014-15 വർഷത്തെ എം.എഡ് വിദ്യാർത്ഥിനിയാണ്. 2014-15 വർഷത്തെ കോഴ്സ് സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ 2015-16 സാമ്പത്തിക വർഷം ആനുകൂല്യം നല്കിയതിന് വിശദീകരണം ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് അന്വേഷണത്തിനുള്ള

(നം.9/16/31.10.16) മറുപടിയിൽ കോഴ്സ് സർട്ടിഫിക്കറ്റിൽ 2014-15 എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നതെങ്കിലും കോഴ്സ് 2014 ഡിസംബർ മാസത്തിൽ ആരംഭിച്ച് 2015 നവംബർ മാസത്തിലാണ് പൂർത്തീകരിച്ചതെന്നും, രണ്ടാം സെമസ്റ്റർ പരീക്ഷയെഴുതിയത് 2015 നവംബർ മാസത്തിലും വൈവ 2016 ഫെബ്രുവരിയിലാണ് നടന്നതെന്നും പ്രസ്തുത ഗുണഭോക്താവ് വിശദീകരണം നല്കിയിരുന്നുവെന്നാണ്. ടിയാൾ ഹാജരാക്കിയ മാർക്ക് ലിസ്റ്റിൽ രണ്ടാം സെമസ്റ്റർ പരീക്ഷ 2015 നവംബർ എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. 2016 ഫെബ്രുവരിയിൽ പരീക്ഷ കഴിഞ്ഞ ടി ഗുണഭോക്താവിന് 2015-16 സാമ്പത്തിക വർഷത്തെ ആനുകൂല്യം നല്കിയത് മാർച്ച് മാസത്തിലാണ്. പദ്ധതി ആനുകൂല്യം സാമ്പത്തിക വർഷാവസാനം നല്കിയതിനാൽ കൃത്യസമയത്ത് അപേക്ഷ നല്കിയിട്ടും ഗുണഭോക്താവിന് പദ്ധതി ആനുകൂല്യം യഥാസമയം പ്രയോജനപ്പെടുത്താൻ കഴിയാത്ത അവസ്ഥ സംജാതമായി. കോഴ്സ് കാലാവധിക്കുള്ളിൽ ആനുകൂല്യം നല്കാൻ കഴിയാതിരുന്ന സാഹചര്യത്തിൽ പ്രസ്തുത ഗുണഭോക്താവിനെ ഒഴിവാക്കി അർഹതയുള്ള മറ്റൊരു ഗുണഭോക്താവിന് ആനുകൂല്യം നല്കാമായിരുന്നു. പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിന് ഭാവിയിൽ പ്രത്യേകം ശ്രദ്ധിക്കേണ്ടതും, നല്കുന്ന ആനുകൂല്യം ഗുണഭോക്താവിന് അവശ്യം വേണ്ട സമയത്ത് ലഭിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

## 3-6 <u>പദ്ധതി പണം സബ്സിഡി തകയിൽ അധികരിച്ച് പിൻവലിച്ചു - തിരികെ ഒടുക്കേണ്ടതാണ്</u>

കോഴി വളർത്തൽ (എസി.സി.പി)

പ്രോജക്ട് നം. 159/16

അടങ്കൽ

110700/- രൂപ – വികസന ഫണ്ട്

36900/- രൂപ – ഗുണഭോക്തൃ വിഹിതം

ആകെ -147600/- രൂപ

മേൽ പ്രോജക്റ്റിന്റെ ഭാഗമായി 97 യൂണിറ്റ് കോഴികളുടെ വിലയായി 69840/- നൽകിയിരിക്കുന്നു. പ്രോജക്റ്റ് പ്രകാരം ഒരു യൂണിറ്റ് കോഴിക്ക് (8എണ്ണം) സബ്സിഡി വകയിരുത്തിയിരിക്കുന്നത് 495/- രൂപയായിരുന്നു. ആയതു പ്രകാരം 97 യൂണീറ്റിന് നൽകാവുന്ന സബ്സിഡി തുക 48015/- രൂപയാണ്. എന്നാൽ ബിൽ നം. 10/15-16/28/3/16 പ്രകാരം 48195/- രൂപ പിൻവലിച്ചിരിക്കുന്നു. അധികമായി പിൻവലിച്ച 180/- രൂപ തിരികെ ഒടുക്ക് വരുത്തേണ്ടതാണ്.

## 3-7 ആശ്രയ പദ്ധതി

ദാരിദ്ര്യ നിർമ്മാർജ്ജന ഉപപദ്ധതിയിൽ അഗതി കുടുംബങ്ങൾക്ക് 2002-03 വർഷത്തിൽ ആരംഭിച്ച ആശ്രയ പദ്ധതി ഒന്നാം ഘട്ട പ്രോജക്ട് പ്രകാരം 68 ഗുണഭോക്താക്കളും 2010 ൽ റിവൈസ് ചെയ്തതിന്റെ ഫലമായി രണ്ടാം ഘട്ട പ്രോജക്ടിൽ 147 ഗുണഭേക്താക്കളെയും ഉൾപ്പെടുത്തിയിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ഇനം | ഒന്നാം പ്രോജക്റ്റ് | രണ്ടാം പ്രോജക്റ്റ് | ആകെ | ശതമാനം |
|---|---|---|---|---|
| വീട് വയ്ക്കാൻ സ്ഥലം ആവശ്യമുള്ളവർ | 29 | 06 | 35 | |
| നാളിതുവരെ ആനുകൂല്യം ലഭിച്ചവർ | 24 | 03 | 27 | 77 |
| പ്രോജക്റ്റ് പ്രകാരം വീട് ആവശ്യമുള്ളവർ | 66 | 09 | 75 | |
| നാളിതുവരെ ആനുകൂല്യം ലഭിച്ചവർ | 54 | 01 | 55 | 73.3 |
| വീട് മെയിന്റനൻസ് ആവശ്യമുള്ളവർ | 02 | - | 02 | |
| നാളിതുവരെ ആനുകൂല്യം ലഭിച്ചവർ | 02 | - | 02 | 100 |
| കക്കൂസ് ആവശ്യമുള്ളവർ | 66 | 09 | 75 | |
| നാളിതുവരെ ആനുകൂല്യം ലഭിച്ചവർ | 54 | - | 54 | 81.8 |

| | | | | |
|---|---|---|---|---|
| കുടിവെള്ളം ആവശ്യമുള്ളവർ | 43 | - | 43 | |
| നാളിതുവരെ ആനുകൂല്യം ലഭിച്ചവർ | 20 | - | 20 | 46.5 |
| വൈദ്യുതി ആവശ്യമുള്ളവർ | 54 | - | 54 | |
| നാളിതുവരെ ആനുകൂല്യം ലഭിച്ചവർ | 17 | - | 17 | 31.4 |

ഓഡിറ്റ് കാലയലവിൽ ആശ്രയ പദ്ധതിയിൽ ഭവന നിർമ്മാണ പ്രോജക്ടിൽ (നം. 72/16) ഒരു ഗുണഭോക്താവിന് വീട്ടും, ഭൂരഹിതരായ മൂന്ന് ഗുണഭോക്താക്കൾക്ക് ഭൂമിയും നല്കിയിട്ടുണ്ട്. ഇപ്രകാരം പഞ്ചായത്ത് നടപ്പിലാക്കിയ ആശ്രയ പദ്ധതിയുടെ നാളിതുവരെയുള്ള പ്രവർത്തനം, പ്രത്യേകിച്ചും, ആദ്യ പ്രോജക്ടിൽ 80 ശതമാനത്തിന് മുകളിലാണെന്നും രണ്ടാം പ്രോജക്ടിൽ കൂടുതൽ ശ്രദ്ധ ചെലുത്തിയിട്ടില്ല എന്നും വ്യക്തമാക്കുന്നു. അർഹരായവർക്ക് പദ്ധതിയുടെ ഗുണഫലം നല്കുന്നതിന് പഞ്ചായത്ത് അധികാരികൾ ശ്രദ്ധിക്കേണ്ടതാണ്.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1. സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2015 -16 | 300000/- | 51 – വാർഡ് 8<br>118-ാം നമ്പർ അംഗനവാടി നിർമ്മാണം | 300000/- | - |

| | | | | | |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2015 -16 | 4,00,000/- | 52 - വാർഡ് -12 -ാം നംപർ അംഗനവാടി നിർമ്മാണം | 400000/- | - |

## 4-2. ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | സ്ട്രീറ്റ് മെയിൻ ഇൻസ്റ്റലേഷൻ | 13470/5.3.15 | 1005000 | 801259 | 203741 |
| കേരള വാട്ടർ അതോറിറ്റി | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | | 22000 | 22000 | |
| കേരള വാട്ടർ അതോറിറ്റി | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | | 42000 | 42000 | |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | | |
| ഇ.എം.എസ് ഹൗസിംഗ് | 522/2010/ എൽ.എസ്.ജി.ഡി തീയതി. 17.02.2010 | 10526025 | 4743193 | 3557003 | 355027 | 1186190 |

ഇ.എം.എസ് ഹൗസിംഗ് പാസ് ബുക്കിൽ 181977 + 703826 രൂപ മുതൽ അടച്ചത് പലിശയുടെ കോളത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു. പാസ് ബുക്കിൽ തിരിച്ചടയ്ക്കാൻ ശേഷിക്കുന്ന മുതൽ 2071993/- രൂപയെന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. പാസ്ബുക്കിലെ അപാകത പരിഹരിക്കേണ്ടതാണ്.

## 4-5 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 11725 /- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തീയതി |
|---|---|---|---|---|---|
| 1. | വിവരം ലഭിച്ചില്ല | വിവരം ലഭിച്ചില്ല | 10 | ഹെഡ് മിസ്ട്രസ് | 11501101547/ 27-05-2016 |
| 2. | വിവരം ലഭിച്ചില്ല | വിവരം ലഭിച്ചില്ല | 125 | പത്മകുമാർ | 11501101586/ 28-05-2015 |
| 3. | വിവരം ലഭിച്ചില്ല | വിവരം ലഭിച്ചില്ല | 2600 | ഓഫീസർ ഇൻ ചാർജ്, സപ്ലൈകോ | 11501106451/ 09-12-2015 |
| 4. | വിവരം ലഭിച്ചില്ല | വിവരം ലഭിച്ചില്ല | 2500<br>2500 | മെഡിക്കൽ ഓഫീസർ ഇൻ ചാർജ്, സ്റ്റാർ ഡയഗ് നോസ്റ്റിഗ്സ് സെന്റർ | 11501106156/ 30-11-2015<br>11501106157/ 30-11-2015 |

| | | | | | |
|---|---|---|---|---|---|
| | | | | | |
| 5. | വിവരം ലഭിച്ചില്ല | വിവരം ലഭിച്ചില്ല | 1250 | സൗത്ത് ഇന്ത്യൻ ബാങ്ക്, ഓച്ചിറ | 11501500005/ 16-06-2015 |
| 6. | വിവരം ലഭിച്ചില്ല | വിവരം ലഭിച്ചില്ല | 1250 | റോയൽ റീജൻസി, ഓച്ചിറ | 11501102282/ 22-06-2015 |
| 7. | വിവരം ലഭിച്ചില്ല | വിവരം ലഭിച്ചില്ല | 1250 | ക്ഷീര വികസന സംഘം, വലിയകുളങ്ങര | 11501102007/ 10-03-2016 |
| 8. | വിവരം ലഭിച്ചില്ല | വിവരം ലഭിച്ചില്ല | 120 | സജ്തി പ്രസാദ്, ശക്തിഭവനം. | 11501108926/ 09-03-2016 |
| 9. | വിവരം ലഭിച്ചില്ല | വിവരം ലഭിച്ചില്ല | 120 | സന്തോഷ് കുമാർ ആനയടി തെക്കതിൽ | 11501108956/ 10-03-2016 |
| | | ആകെ | 11725 | | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട് ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻ വർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2002-03 | 3-1 | 2006-07 | 3-12-1 | എഫ്.റ്റി.എസ്.- സൂപ്പർ ആന്വേഷന് ശേഷം സർവ്വീസിൽ തുടർന്നു. | പരാമർശം നിലനിൽക്കുന്നു. |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 42539111 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 60002554 |

| | | |
|---|---|---|
| വരവിനങ്ങളിലുള്ള നഷ്ടം | | 54602 |
| ചെലവിനങ്ങളിലുള്ള നഷ്ടം/<br>ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 365 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 1079585 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 52852 | | ശ്രീമതി.മനുഭായി, സെക്രട്ടറി |
| 2-2 | 250 | | ശ്രീമതി.മനുഭായി, സെക്രട്ടറി |
| 2-3 | 1500 | | ശ്രീമതി.മനുഭായി, സെക്രട്ടറി |
| 3-1 | | 365 | ശ്രീമതി.മനുഭായി, സെക്രട്ടറി |
| ആകെ | 54602 | 365 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 929585 | ശ്രീമതി.മനുഭായി, സെക്രട്ടറി |
| 3-3 | 150000 | ഡോ. ബീനാസുരൻ, ഹോമിയോ മെഡിക്കൽ ഓഫീസർ |
| ആകെ | 1079585 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെവിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.മനുഭായി, സെക്രട്ടറി | സെക്രട്ടറി, ഓച്ചിറ ഗ്രാമപഞ്ചായത്ത് | കിഴക്കേ വീട്, സൌത്ത്, കരുനാഗപ്പള്ളി |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെവിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1992-93<br>1993-94 | എൽ.എഫ്.ക്യൂ.പി2 -1234(3 ) /14/16.6.14 | 7 |
| 1994-95 | എൽ.എഫ്.ക്യൂ.പി2 -1234(4) /14/16.6.14 | 1 |
| 1995-96 | എൽ.എഫ്.ക്യൂ.പി2 -1234(5 ) /14/16.6.14 | 1 |
| 1996-97 | എൽ.എഫ്.ക്യൂ.പി2 -1234(6) /14/16.6.14 | 10 |
| 1997-98 | എൽ.എഫ്.ക്യൂ.പി2 -1234 (7) /14/16.6.14 | 4 |
| 1998-99 | എൽ.എഫ്.ക്യൂ.പി2 -1234 (8 ) /14/16.6.14 | 3 |
| 2001-2002 | എൽ.എഫ്.ക്യൂ.പി2 -1234(9) /14/16.6.14 | 1 |
| 2002-2003 | എൽ.എഫ്.ക്യൂ.പി2 -1234(10) /14/16.6.14 | 6 |
| 2003-2004 | എൽ.എഫ്.ക്യൂ. പി2 -1234(11))/14/ 16.6.14 | 11 |
| 2004-05 | എൽ.എഫ്.ക്യൂ. പി2 -1234(12) / 14/16.6.14 | 7 |
| 2005-2006<br>2006-2007 | എൽ.എഫ്.ക്യൂ. പി2 -1234 (13 )/14/16.6.14<br>എൽ.എഫ്.ക്യൂ. പി2 -1234 (14 )/14/16.6.14 | 8 |
| 2007-2008 | എൽ.എഫ്.ക്യൂ. പി2 -1234 (15 )/15/16.6.14 | 5 |
| 2008-2009 | എൽ.എഫ്.ക്യൂ. പി2 -1234 (16 )/14/16.6.14 | 8 |
| 2009-2010 | എൽ.എഫ്.ക്യൂ. പി2 -1234 (17 )/14/16.6.14 | 7 |
| 2010-2011<br>2011-2012 | എൽ.എഫ്.ക്യൂ. പി2 -346/13 തീ. 04.04.13 | 4 |

| | | |
|---|---|---|
| 2012-2013 | എൽ.എഫ്.ക്യൂ. പി2 -878/14<br>തീ. 16.02.15 | |
| 2013-2014<br>2014-2015 | കെ.എസ്.എ.എൽ.എം-പി2/2241<br>/15/26.12.2015 | |

ഡെപ്യൂട്ടി ഡയറക്ടർ

## 4-10

ഓഡിറ്റ് സാക്ഷ്യപത്രം

നം.കെ.എസ്.എ.കെ.എൽ.എം.പി 2-1840/16 തീയതി, 05/01/2017.

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4- ാംവകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കൊല്ലം ജില്ലയിലെ ഓച്ചിറ ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കൊല്ലം ജില്ലയിലെ ഓച്ചിറ ഗ്രാമ പഞ്ചായത്തിന്റെ 2015-16 ലെ വാർഷിക ധനകാര്യ പത്രിക, വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.